LIBRARY ARCHIVES Kerala Legislative Assembly

ഓണം ഫെയറുകളും പ്രത്യേക ആനുകൂല്യങ്ങളും

243 [1192] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ലെ ഓണക്കാലത്ത് ഭക്ഷ്യവകുപ്പും സിവിൽ സപ്ലൈസ് കോർപ്പറേഷനും ചേർന്ന് സംസ്ഥാനത്ത് ഓണം ഫെയറുകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഓണക്കാലത്ത് ഭക്ഷ്യമേഖലയിൽ എന്തെല്ലാം പ്രത്യേക ആനുകൂല്യങ്ങളാണ് പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂൾ വിദ്യാർത്ഥികൾക്കായി ഭക്ഷ്യവകുപ്പ് മുഖേന ഓണക്കാലത്ത് എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും താലൂക്ക് ആസ്ഥാനങ്ങളിലും ഓണം ഫെയറുകൾ നടത്താനാണ് പദ്ധതിയുള്ളത്.

(ബി) & (സി) ഇതു സംബന്ധിച്ച് തീരുമാനമൊന്നും ഇതുവരെ എടുക്കുകയുണ്ടായില്ല. തീരുമാനം ഉചിതമായ സമയത്ത് എടുക്കുന്നതാണ്.

കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ശബരി/മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ നടപടി

244 [1193] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ചെറുകാവ്, പൂക്കോട്ടൂർ, മൊറയൂർ, പള്ളിക്കൽ, വാഴയൂർ പഞ്ചായത്തുകളിൽ പുതിയ മാവേലിസ്റ്റോറുകളോ, ശബരിസ്റ്റോറുകളോ ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?